ST THOMAS FORANE PARISH BULLETIN

# സാന്തോം മെസഞ്ചർ

## SANTHOME MESSENGER

Vol: 49 / Issue: 3 / May - June 2023



ST THOMAS DIOCESAN PILGRIM CENTRE

The Lord shows His love for us through special people like You!

# *Thank you,* Fr. Cyriac Madthil CMI



# *Hearty Welcome*



## Fr Anto Kanjirathinkal CMI

**(New Vicar of St. Thomas Forane Church Diocesan Pilgrim Centre), Dharmaram, Bengaluru.**

# സാന്തോം മെസഞ്ചർ
SANTHOME MESSENGER

St Thomas Forane Church - Parish Bulletin
Dharmaram College, Bangalore - 560029

Vol: 49 / Issue: 3 / May - June 2023


## CONTENTS


| | |
|---|---|
| ഇടയനാദം | 02 |
| Message | 03 |
| Editorial | 04 |
| Trustees' Desk | 05 |
| Church News | 06 |
| Pope John Paul II and Blessed Virgin Mary | 09 |
| ഹൃദയം ഹൃദയത്തോട് സംസാരിക്കുമ്പോൾ | 11 |
| Diocese News | 13 |
| സെന്റ് ക്രിസ്റ്റോഫർ അസോസിയേഷൻ | 14 |
| ഇടവക വാർത്തകൾ | 16 |
| Youth Corner | 19 |
| STARTT | 23 |
| മാതൃവേദി | 25 |



ST THOMAS DIOCESAN PILGRIM CENTRE, BANGALORE
1983 - 2023
RUBY JUBILEE
ST THOMAS FORANE CHURCH, DHARMARAM, BANGALORE



*Editorial Board*

**Printed & Published by**
Rev. Fr. Anto Kanjirathinkal CMI
Mob. : 8750676462

**Associate Editor**
Fr. Lijo Kattottu CMI
Asst. Vicar
Mob. : 6282359100
E-mail : lijokattottu1993@gmail.com

**Chief Editor**
Fr Melbin Parappuram CMI
Asst. Vicar
Mob. : 6282519518
E-mail : melbinparappuramcmi@gmail.com

**Editorial Board**
Mrs. Minoy Mathew
Mr. Anil Joy (Trustee in Charge)

**Layout Design & Printing**
Matha Printers
Tel : 9886809060
E-mail : mathaprints@gmail.com

# ഇടയനാദം

**ഈശോയെ വ്യക്തിപരമായി അറിയുകയും സ്നേഹി ക്കുകയും ചെയ്യുന്ന എന്റെ ഇടവകകുടുബാംഗങ്ങളേ,**

നമ്മുടെ ഈ ഇടവക കുടുബത്തിൽപ്പെട്ട നിങ്ങളെ ഓരോരുത്തരേയും ഇശോയുടെ തിരുഹൃദയത്തിനു സമ്മർപ്പിച്ചു ഞാൻ പ്രത്യേകമായി പ്രാർത്ഥിക്കുന്നു. നിങ്ങളെ ആത്മീയമായി നടത്തുവാനും നിങ്ങൾക്കു വേണ്ടി ദൈവസമക്ഷം പ്രാർത്ഥിക്കുവാനുമായി ഏൽപ്പിച്ച ഈ ശുശ്രൂഷ ആഗ്രഹിക്കുന്നപോലെ ചെയ്യാനുള്ള കൃപയ്ക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.

ഇടവക ഒരു കൂട്ടമല്ല, മറിച്ച് ഒരു കുടുബ മാണ്. ഒരുമയോടും സ്നേഹത്തോടും ദേവാ ലയത്തിൽ ഒരുമിച്ചു കൂടി ദൈവത്തെ ആരാധിച്ചു മഹത്വപ്പെടാൻ നമ്മുക്കു കഴിഞ്ഞാൽ, അതു നമ്മുക്കു വലിയ അനുഗ്രഹത്തിനു കാരണമാകും. വലിയവ നായ ഇശോയുടെ തിരുമുമ്പിൽ വലിപ്പചെറുപ്പ മില്ലാതെ നമ്മുക്ക് അണിചേരാം.

ഇടവകാകുടുബത്തിൽ ദൈവത്തെ മഹത്വ പ്പെടുത്താൻ വ്യത്യസ്തങ്ങളായ ഉത്തരവാദിത്തമാണ് ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്നത്. വ്യത്യസ്തങ്ങ ളായ ഉത്തരവാദിത്തങ്ങൾ ദൈവസ്നേഹത്തെ പ്രതി ഏകോപിപ്പിക്കാൻ കഴിഞ്ഞാൽ അതു ദൈവ പ്രീതിക്ക് കാരണമാകും. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ 'ശുശ്രൂഷകളിൽ വൈവിധ്യം ഉണ്ടെങ്കിലും എല്ലാവർക്കും, എല്ലാറ്റിലും പ്രചോദനം നൽകുന്ന ദൈവം ഒന്നു തന്നെ.'(1 കോറി :12:5).

വി. കുർബാനയിൽ കേന്ദ്രീകൃതമായ ഒരു ആത്മീയതയിൽ നമ്മുക്ക് ശക്തിപ്പെടാം. വി. കുർ ബാനയിൽ വിശുദ്ധിയോടെ സംബന്ധിക്കുവാൻ കഴിയുക എന്നതാണ് നിങ്ങളുടെ മുമ്പിലുള്ള വെല്ലുവി ളിയെങ്കിൽ, വിശുദ്ധിയിൽ നിന്നുകൊണ്ടു വി. കുർബ ാന അർപ്പിക്കാൻ സാധിക്കുക എന്നതാണ് പുരോഹി തനായ എന്റെ വെല്ലുവിളി. ഇതിന് പരസ്പരമുള്ള സ്നേഹവും പ്രാർത്ഥനയും ആവശ്യമാണ്. ജനം ജനത്തിനുവേണ്ടി ബലിയർപ്പിക്കുന്നു. വൈദികന് വേണ്ടി നിറഞ്ഞ മനസ്സോടെ പ്രാർത്ഥിക്കുന്നത് ബലി യർപ്പണത്തിന്റെ അഭിഷേകത്തെ വർധിപ്പിക്കും. അതാണ് സീറോ മലബാർ കുർബാനയിൽ 'എന്റെ സഹോദരരേ ഈ കുർബാന എന്റെ കരങ്ങൾ വഴി പൂർത്തിയാക്കുവാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥി ക്കുവിൻ' എന്ന് വൈദികൻ വിശ്വാസികളോട് അപേക്ഷിക്കുന്നത്. നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ ഞാൻ അർപ്പിക്കുന്ന വി. കുർ ബാനയുടെ കൃപ നിങ്ങളിലേക്കും നിങ്ങളുടെ കുടുബങ്ങളിലേക്കും ചൊരിയപ്പെടും, അതുപൊലെ ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ, നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന്റെ അനുഗ്രഹം എനിക്ക് ലഭിക്കുകയും ചെയ്യും.

ജൂൺ മാസം ഈശോയുടെ തിരുഹൃദ യത്തിനു സമ്മർപ്പിക്കപ്പെട്ട മാസമാണല്ലോ. ഈശോ യുടെ തിരുഹൃദയത്തിന് നമ്മെ തന്നെ സമ്മർപ്പിച്ച് നമ്മുക്ക് ജീവിക്കാം. തിരുവചനത്തിൽ പറയുന്നതുപൊലെ 'ദൈവത്തിൽ ഹൃദയമുറപ്പിച്ചി രിക്കുന്നവനെ അങ്ങ് സാമാധാനത്തിന്റെ തികവിൽ സംരക്ഷിക്കുന്നു' (ഏശയ്യാ:26:3). ലോകത്തിൽനി ന്നും ലോകസുഖങ്ങളിൽ നിന്നും ദൃഷ്ടി മാറ്റി ദൈവത്തിൽ ഹൃദയമുറപ്പിച്ച് ആത്മീയതയിൽ ശക്തി പ്പെടുവാനും ഹൃദയസാമാധാനം അനുഭവിക്കുവാനും നമ്മുക്കോരോരുത്തർക്കും കഴിയട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

തോമാശ്ലീഹായുടെ മരണത്തിരുന്നാൾ നമ്മുക്ക് ഭക്ത്യാദരപ്പൂർവം ആഘോഷിക്കാം. തോമാ ശ്ലീഹായപ്പോലെ വ്യക്തിപരമായ ദൈവാനുഭത്തി നുവേണ്ടി നമ്മുക്ക് ദൈവസന്നിധിയിൽ വാശി പിടിക്കാം. ദൈവാനുഭവം ഉണ്ടായാൽ പിന്നെ ദൈവസ്നേഹത്തിൽ വളരാൻ ഏളുപ്പമാണല്ലോ. ശക്തമായ ദൈവാനുഭവങ്ങൾ നമ്മുക്ക് തീക്ഷണത യും ധൈര്യവും പ്രദാനം ചെയ്യും. ക്രിസ്തുവിന്റെ രാജകീയ പൗരോഹിത്യത്തിൽ പങ്കുകാരായ നിങ്ങൾ ഒരോരുത്തർക്കും, അവന്റെ ശുശ്രൂഷാ പൗരോഹി ത്യത്തിൽ പങ്കുകാരായ ഞങ്ങക്കും ദൈവാനുഭവത്തി ലൂടെ രക്ഷകനായ ഇശോയെ അനുഭവിക്കുവാനും അതു മറ്റുള്ളവർക്കു പകർന്നു കൊടുക്കുവാനും സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.



ഒത്തിരി സ്നേഹത്തോടെ
ആന്റൊച്ചൻ

# Sacred Heart a Source of Love

MESSAGE

Warm greetings and blessings to each and every one of you. As we near the highly anticipated Feast of the Sacred Heart of Jesus, I take great pleasure in contemplating the significant significance of this occasion and how it applies to us today. This momentous event serves as a prompt to reflect on the boundless affection and compassion of our Saviour Jesus Christ, urging us to enhance our belief and reinforce our dedication to Him.

The Feast of the Sacred Heart is important because it helps us think about Jesus's loving heart which cares deeply for us. This is an invitation to explore how much God loves us, to feel His kindness, and to know that He is always with us. When we think about the Sacred Heart, we remember how Jesus gave up everything for us. This inspires us to love and help others in our own lives. Jesus loved and helped people who were poor, left out, and did wrong things, and He showed this in the Gospels. He shows us how to be kind, forgive others, and help those who need it. The Sacred Heart symbolizes how Jesus became a person and felt happy times and hard times with us. He knows what we go through, what we're scared of, and how much we want love and approval. He asks us to find comfort and power in His caring heart.

When we celebrate the Feast of the Sacred Heart, we can get closer to Christ and strengthen our bond with him. God wants us to trust Him and give Him all our worries and problems. We should open our hearts to Him and believe that He will take care of everything. The Sacred Heart is a symbol of hope in a world that is sad and separated. It reminds us that when we love, care, and come together, we can change things for the better. Let's use this special occasion to grow closer to God and to each other. Let's give time to think about our faith, go to church, do religious activities, and be kind to others. When we do this, we follow Jesus' example and share His love and healing with the people around us.

Dear parishioners, we shouldn't ignore how important the Feast of the Sacred Heart of Jesus can be for us. Let's be thankful, happy and promise to follow Christ's ways as we enjoy this celebration. May God's love guide us on our journey and make us instruments of love in the world.

Wishing you a blessed Feast of the Sacred Heart of Jesus.



Father Lijo Kattottu, CMI Asst. Vicar

EDITORIAL

# കരുതലുള്ള ഹൃദയം

ജൂൺ മാസം ഈശോയുടെ തിരുഹൃദയത്തെപ്പറ്റി പ്രത്യേകം ധ്യാനിക്കുന്ന ദിനങ്ങളാണ്. എപ്രകാരമാണ് ഈശോയുടെ ഹൃദയം തിരുഹൃദയമായിട്ട് മാറിയത്, എന്ന് വി. മാർക്കോസിന്റെ സുവിശേഷത്തിൽ നാം വായിക്കുന്നുണ്ട്. ‘അവനു അവരോടു അനുകമ്പ തോന്നി. കാരണം അവർ ഇടയനില്ലാത്ത ആട്ടിൻപറ്റത്തെ പോലെ ആയിരുന്നു. ‘(മാർക്കോസ് 6:34). അനുകമ്പ എന്ന വാക്കിന് അലിവു കാണിക്കുക, കരുണ കാണിക്കുക, ദയ കാണിക്കുക എന്നൊക്കെ അർത്ഥങ്ങളുണ്ട്. ഇടയനില്ലാതെ ആരും സഹായിക്കാനില്ലാത്ത ജനത്തിനോടു ക്രിസ്തു അനുകമ്പ കാണിക്കുന്നുണ്ട് .
വി. മാർക്കോസിന്റെ സുവിശേഷം 8ാം അധ്യായത്തിൽ മകനെ നഷ്ടപ്പെട്ട അമ്മയോട് ക്രിസ്തു അനുകമ്പ കാണിക്കുന്നുണ്ട്. അനുകമ്പ എന്ന വാക്കിന് ക്രിസ്തു സ്വന്തം ജീവിതത്തിലൂടെ നൽകിയ നിർവചനം വേദനിക്കുന്ന മനുഷ്യരുടെ ഒപ്പം സഹിക്കുക അവരുടെ കണ്ണുനീരിന് ആശ്വാസമായി മാറുക എന്നതായിരുന്നു. ഇതെല്ലാം സൂചിപ്പിക്കുന്നത് എത്രമാത്രം അലിവുള്ളതായിരുന്നു ക്രിസ്തുവിന്റെ ഹൃദയം എന്ന് ഓർമപ്പെടുത്താനാണ്. മനുഷ്യന്റെ വേദനയിൽ പങ്കുപറ്റുന്ന അനുകമ്പയുള്ള ഹൃദയത്തിന്റെ ഉടമകളാകാൻ ക്രിസ്തു നമ്മോടും ആഹ്വാനം ചെയ്യുന്നുണ്ട്. സ്വയം മുറിവേറ്റുകൊണ്ടു മനുഷ്യകുലത്തെ ക്രിസ്തു വീണ്ടെടുത്തെങ്കിൽ, അവസാന തുള്ളി രക്തവും ക്രിസ്തു നമ്മുക്കുവേണ്ടി ഒഴുക്കിയെങ്കിൽ, ക്രിസ്തു നമ്മോട് പറയുകയാണ് ‘ഐ ലവ് യൂ‘. നമ്മെപ്പറ്റി ഇത്രമാത്രം കരുതലുള്ള ക്രിസ്തുവിനെ നമുക്കും സ്നേഹിക്കാം.

സ്നേഹപ്പൂർവം



ഫാദർ . മെൽബിൻ പാറപ്പുറം സി.എം.ഐ

# TRUSTEES' DESK

**ദൈവ സ്നേഹത്തിനും കരുതലിനും നന്ദി**

ക്രൈസ്തവ വിശ്വാസത്തിന് പുതിയ മാനം നൽകിയ വി. തോമാശ്ലീഹായുടെ ധന്യ നാമാത്താൽ തലയുയർത്തി നിൽക്കുന്ന നമ്മുടെ ദേവാലയത്തിന്റെ പ്രവർത്തനത്തിൽ കഴിഞ്ഞ ഒരു വർഷക്കാലം വളരെ നല്ലനിലയിൽ പങ്കുവഹിക്കാൻ ഞങ്ങൾ ട്രസ്റ്റിമാർ 6 പേർക്കും സാധിച്ചു എന്നതിൽ ഞങ്ങൾക്കഭിമാനമുണ്ട്.

സ്നേഹബഹുമാനപ്പെട്ട സിറിയക് മഠത്തിലച്ചന്റെയും അവസാന 2 മാസക്കാലം പുതുതായി വന്ന ആന്റൊ അച്ചന്റെയും അതുപൊലെത്തന്നെ ആ കാലയളവിൽ ഉണ്ടായിരുന്ന സഹവികാരിമാരുടെയും നിർലോഭമായ സഹകരണത്താലും നമ്മുടെ ഇടവകജനങ്ങൾ ഞങ്ങളിലർപ്പിച്ച വിശ്വാസത്താലും സ്നേഹത്താലും ആണ് അത് യാഥാർത്ഥ്യമായത്. ഇക്കാലയളവിൽ വലിയ അവകാശവാദങ്ങൾ ഞങ്ങൾ ഉന്നയിക്കുന്നില്ലായെങ്കിലും – നമ്മുടെ ജീവിതശൈലിയാകെ മാറ്റിമറിച്ച 'കോറോണ'യെന്ന മഹാമാരിയിൽ നിന്നുള്ള ഉയർത്തു വരവിന്റെ വർഷത്തിൽ തന്നെ ഇടവകജനങ്ങളുമായി ചേർന്ന് അവരുടെ കൂടി സഹകരണത്തോടെ ഒത്തിരി കാര്യങ്ങൾ ചെയ്യുവാൻ സാധിച്ചു എന്നു ഞങ്ങൾ വിശ്വസിക്കുന്നു.

തിരുനാൾ ആഘോഷങ്ങൾ ഗംഭീരമാക്കി കൊണ്ടുതന്നെ മിച്ചം വന്ന 5 ലക്ഷം രൂപ കൃപാലയ്ക്കു നൽകിയതും, ബുദ്ധിമുട്ടുള്ളവരുടെ അപേക്ഷകൾ പരിഗണിച്ച് അവർക്ക് ആശ്വാസധനം നൽകിയതും, വളരെ മനോഹരമായി മരിച്ചവരുടെ ഓർമ്മദിനം കോണ്ടാടിയതും, ക്രിസ്തുമസ്സുമായി ബന്ധപ്പെട്ട് പാപ്പാസംഗമം നടത്തിയതുമെല്ലാം അതിലെ ചില ഉദാഹരണങ്ങൾ മാത്രം.


വരും കാലപ്രവർത്തനങ്ങൾക്ക് ഞങ്ങളിൽ നിന്നു തിരഞ്ഞെടുത്ത് വീണ്ടും വരുന്നവരെ അഭിനന്ദിക്കുന്നതിനൊടൊപ്പം, അവരുടെ പുതിയ പ്രവർത്തനങ്ങൾക്ക് ഞങ്ങളുടെ എല്ലാവിധ സഹായസഹകരണങ്ങളും ഉണ്ടായിരിക്കുമെന്ന് ഉറപ്പു നൽകുന്നു.


Mr Biju George (Chief Trustee)


Mr Anil Joy (Trustee)


Mr Biju M.K. (Trustee)


Mr Dixon Arangassery (Trustee)


Mr Mathew K Joseph (Trustee)


Mr Vijeesh Lazar (Trustee)

# Church News.



**BE POOR LIKE THOSE YOU SERVE, POPE SAYS**

To recognize and address the poverty of others, Christians must become poor like the figure of Tobit from the Hebrew Bible, Pope Francis said.

Tobit, a blind and elderly man who dedicated his life to the service of others, "can show practical concern for the poor because he has personally known what it is to be poor," the pope wrote in his message for the November celebration of the World Day of the Poor.

The papal message was published June 13, the feast of St. Anthony of Padua, patron of the poor.

Christians are called to "acknowledge every poor person and every form of poverty, abandoning the indifference and the banal excuses we make to protect our illusory well-being," Pope Francis wrote. "Regardless of the color of their skin, their social standing, the place from which they came, if I myself am poor, I can recognize my brothers and sisters in need of my help."

The theme for World Day of the Poor 2023 is a passage from the Book of Tobit: "Do not turn your face away from anyone who is poor."

"When we encounter a poor person, we cannot look away, for that would prevent us from encountering the face of the Lord Jesus," Pope Francis wrote.

In his message for the world day, which will be celebrated Nov. 19, Pope Francis listed an array of cultural phenomena that prevent people from caring for the poor: greater pressure to live affluently, a tendency to disregard suffering, virtual reality overtaking real life and a sense of haste that prevents people from stopping to care for others. He offered the parable of the Good Samaritan, who stops to help a man in the street beaten by robbers, to counter the hang ups many people have against helping the poor.

The parable "is not simply a story from the past; it continues to challenge each of us in the here and now of our daily lives," he said. "It is easy to delegate charity to others, yet the calling of every Christian is to become personally involved."

**POPE'S MESSAGE OF HOPE LAUNCHED INTO SPACE**

Pope Francis' message of hope for humanity encased in a small satellite blasted off into space June 12 and soon will beam his words back to Earth.

"The 'Spei Satelles' mission successfully launched from the U.S. base in Vandenberg, California, and in the coming days, it plans to deploy the Cube Sat into orbit, carrying

Pope Francis' message of hope" contained in a nano version of the book, "Why Are You Afraid? Have You No Faith?" according to a press release June 13 from the Vatican Dicastery for Communication and agencies involved in the project.

Once deployed into orbit, the micro satellite was set to transmit papal messages of hope and peace in English, Italian and Spanish that any amateur radio receiver should be able to pick up. Its radio signals will be transmitted on the frequency of 437.5 MHz "with modulation GMSK at 9600 bit/s and protocol AX.25," the press release said.

"At sunrise in different parts of the world, individuals will have the opportunity to receive words of comfort and encouragement along the paths of hope," it said.

In addition to the papal nano book, the "Spei Satelles" mission also carries a chip with the names and commitments of men, women and children on Earth who requested a "boarding pass" to take part in the mission.

Since speisatelles.org was launched March 27, 2023, the press release said, "hundreds of individuals from all over the world have joined the project."

**POPE INSISTS CHRISTIAN POLITICIANS PROMOTE HUMAN DIGNITY**

While the Catholic Church does not promote a single political party or legislative agenda, it does insist that Christian politicians always work to promote human dignity and advance the common good, Pope Francis said in a message to the European People's Party.

The group, a coalition of 82 Christian Democrats and other center-right political parties from 43 countries, had been scheduled to meet Pope Francis on June 9 at the Vatican, but the meeting was canceled because of the pope's abdominal surgery on June 7.

Instead, the pope sent the group a message signed in "Rome, Gemelli Polyclinic."

While national and cultural differences mean the European People's Party will have members with different positions and opinions, the pope said, "on some issues where primary ethical values and important points of Christian social doctrine are at stake, we need to be united."

And, in fact, he said, it would be a good idea for the party to encourage and even organize continuing education opportunities for legislators, "moments of study and reflection in which to deepen and confront the most ethically relevant issues."

"The Christian politician should distinguish himself or herself by the seriousness with which he or she approaches issues, rejecting opportunistic solutions and always holding firm to the criteria of the dignity of the person and the common good," Pope Francis wrote.

While government leaders must be practical and skilled at normal administration, they also need "a strong inspiration, a soul," the pope said, something that encourages them to dream of a more fraternal and just world and to be open to creative ideas for making that dream a reality.

"Christian politicians today should be recognized by their ability to translate the great dream of fraternity into concrete actions of good politics at all levels: local, national, international," he wrote. The focus on recognizing that everyone is a brother or sister can help politicians find better responses to challenges such as migration and care for the planet.

Fraternity is stronger than hatred, pope says

Pope Francis called on all warring peoples to recognize fraternity as a "light that stops the night of conflicts."

“To evoke brothers and sisters is to remind those who are fighting, and all of us, that the feeling of fraternity uniting us is stronger than hatred and violence,” the pope wrote in his message for the World Meeting on Human Fraternity at the Vatican June 10.

In a festive celebration of human fraternity, artists, activists and political leaders from around the globe gathered in St. Peter’s Square to call for worldwide peace and solidarity.

Among them were 29 Nobel Peace Prize recipients, including Juan Manuel Santos, former president of Colombia, and Oscar Arias Sanchez, former president of Costa Rica.

The Nobel laureates met with Vatican officials earlier in the day to draft a Declaration on Human Fraternity which was presented at the event and signed by Cardinal Pietro Parolin, Vatican secretary of state.

Presenting the document in St. Peter’s Square, Nadia Murad, recipient of the 2018 Nobel Peace Prize for her efforts to combat sexual violence in Iraq, called for an end to sexual violence, armed conflicts, nuclear arms, forced migration, ethnic cleansing and the manipulative use of artificial intelligence and other technologies.

The declaration also called for countries to institute Ministries of Peace in their governments to promote peace initiatives.

“Never again war,” Murad said,” it is peace, justice, equality that will guide the fate of humankind.”

## PROMOTE CHRISTIAN VALUES ON SOCIAL MEDIA, VATICAN SAYS

Catholics should make an “examination of conscience” about how they use social media, how they allow it to influence them and about the opportunities it provides them to share the Gospel, build community and care for others, said the Vatican Dicastery for Communication.

“Unfortunately, the tendency to get carried away in heated and sometimes disrespectful discussions is common with online exchanges,” said the dicastery’s document, “Toward Full Presence. A Pastoral Reflection on Engagement with Social Media.”

“The problem of polemical and superficial, and thus divisive, communication is particularly worrying when it comes from church leadership: bishops, pastors and prominent lay leaders,” the document said. “These not only cause division in the community but also give permission and legitimacy for others likewise to promote similar type of communication.”

Signed by Paolo Ruffini, prefect of the dicastery, and Msgr. Lucio A. Ruiz, secretary of the office, the document was released at a news conference May 29.

When faced with erroneous or divisive content on social media, the document said, “often the best course of action is not to react, or to react with silence so as not to dignify this false dynamic.”

Asked if there was not something more active the dicastery could do, for example, with a bishop acting badly on social media, Ruffini responded that it is not the competency of his office to discipline anyone, but in general, on social media, it is better not to share or comment on offensive content since it only raises its profile.

Xavière Missionary Sister Nathalie Becquart, undersecretary of the Synod of Bishops, a member of the dicastery, said everyone in the church needs to be educated about social media and learn to discern “when to speak and when not to speak.”

# Pope John Paul II and Blessed Virgin Mary



Pope John Paul II served as pope from 1978 to 2005, and among his numerous accomplishments, his devotion to Mary played a significant part in his life and career. He joined the Sodality of Mary as a teenager in his homeland, Poland, in 1934, was twice chosen to lead the local chapter as president and made his first journey to the Marian shrine at Czestochowa.

When he was ordained as an auxiliary Bishop of Krakow in 1958, he chose as his Moto Totus Tuus, a shortened form of St. Louis de Montfort's Marian consecration. It reads as follows: "I am fully yours (Totus Tuus), and all that I possess is yours, I embrace you in all that is mine. Mary, grant me access to your heart."



Twenty years later, the newly elected pontiff would incorporat the letter 'M' for Mary onto his coat of arms. Additionally, during his pontificate, Pope John Paul II would designate April 28 as the feast of St. Louis across the universal Church. In addition to this, he would add the Luminous Mysteries to the Rosary, which is a devotion that he mentioned in his Apostolic Letter Rosarium Virginis Mariae from the year 2002. (Rosary of the Virgin Mary).

He says twenty four years ago, on 29 October 1978, scarcely two weeks after my election to the see of Peter, I frankly admitted: "The Rosary is my favourite prayer. A marvellous prayer! Marvellous in its simplicity and its depth. It can be said that the Rosary is, in some sense, a prayer commentary on the final chapter of the Vatican II constitution Lumen Gentium a chapter which discusses the wondrous presence of the Mother of God in the mystery of Christ and the Church. Against the background of the words Ave Maria the principal events of the life of Jesus Christ pass before the eyes of the soul. They take shape in the complete series of the joyful, sorrowful and glorious mysteries, and they put us in living communion with Jesus through we might say the heart of his Mother. At the same time our hearts can embrace in the decades of the Rosary all the events that make up the lives of individuals, families, nations, the Church and all mankind. Our personal concerns and those of our neighbour especially those who are closest to us and dearest to us. Thus the simple prayer of the Rosary marks the rhythm of human life."


John Paul II gave credit to Mary for keeping him alive during the attempted murder that took place in St. Peter's Square on May 13,

1981. The attempt left John Paul II with critical wounds. He would say things like, “One hand fired, and another guided the bullet,” while drawing attention to the fact that the incident had taken place on the feast of Our Lady of Fatima. One year later, he went to Fatima and put the bullet that the doctors had removed from his body into the crown of the statue of Mary that was there.

In his first encyclical, Redemptor Hominis (Redeemer of Man, 1979), John Paul II wrote of Mary’s role in salvation history: We can say that the mystery of the redemption took shape beneath the heart of the Virgin of Nazareth when she pronounced her “Fiat.” From then on, under the special influence of the Holy Spirit, this heart, the heart of both a virgin and a mother, has always followed the work of her son and has gone out to all those whom Christ has embraced and continues to embrace with inexhaustible love. For that reason her heart must also have the inexhaustibility of a mother. The special characteristic of the motherly love that the Mother of God inserts in the mystery of redemption and the life of the Church finds expression in its exceptional closeness to man and all that happens to him.

John Paul II published his encyclical on the role of Mary in the mystery of Christ and her active and exemplary presence in the life of the Church in 1987, during a Marian year that was commemorating the 2000th anniversary of the birth of Our Lady. The title of the encyclical was Redemptoris Mater (Mother of the Redeemer), and it was dedicated to Mary. In it, he discussed what he called the “Marian Church,” also known as the “Church of Disciples,” which came before and made the “Petrine Church” possible (the Church of office and authority).

At Pope John Paul II’s funeral Mass in April 2005, Cardinal Joseph Ratzinger (who later that month would be elected Pope Benedict XVI) concluded his homily by speaking of the pontiff’s love of our Lady: The Holy Father found the purest reflection of God’s mercy in the Mother of God. He, who at an early age had lost his own mother, loved his divine mother all the more. He heard the words of the crucified Lord addressed personally to him: “Behold your Mother.” And so he did as the beloved disciple did: he took her into his own home…Totus Tuus. And from the mother he learned to conform himself to Christ. None of us can ever forget how in that last Easter Sunday of his life, the Holy Father, marked by suffering, came once more to the window of the Apostolic Palace and one last time gave his blessing urbi et orbi. We can be sure that our beloved Pope is standing today at the window of the Father’s house that he sees us and blesses us. We entrust your dear soul to the Mother of God, your Mother who guided you each day and who will guide you now to the eternal glory of her Son, our Lord Jesus Christ.



To summarise, we can say that Pope John Paul II had a specific devotion to the Virgin Mary, and that he expressed this love in his encyclicals and sermons. John Paul II wrote in Redemptoris Mater that Mary acts “not as an outsider,” but rather as a “mother” and a “mediatrix.” In addition to this, he states that “she has the right to do so,” and then he refers to Our Lady as “the spokesman of her Son’s will.”



Fr. Joby Jose Kochumuttom, CMI



# ഹൃദയം ഹൃദയത്തോട് സംസാരിക്കുമ്പോൾ

തിരുഹൃദയത്തിരുന്നാൾ ഒരു തിരിച്ചുയാത്രയാണ്. ജീവന്റെ ഉറവിടത്തിലേക്കുള്ള തിരിച്ചുയാത്ര. നമ്മുടെ ജീവന്റെ ഉറവിടം പരമകാരുണികനായ ദൈവമാണ്. ശരീരത്തിന്റെ പ്രവർത്തനത്തിൽ എറ്റവും കൂടുതൽ ഉപയോഗിച്ചിരിക്കുന്ന ശരീരസംബന്ധിയായ വാക്കു ഹൃദയമാണ്. എണ്ണൂറ്റിഇരുപത്തിയഞ്ചിലേറെ തവണ ബൈബിളിൽ ഹൃദയത്തെപ്പറ്റി നേരിട്ടു പറയുന്നുണ്ട്. തന്റെ ഹൃദയത്തിന്റെ ഹൃദയമായ പുത്രനെ മനുഷ്യരക്ഷയക്കായി ഭൂമിയിലേക്ക് അയച്ചതിന്റെയും, അവന്റെ പീഢാനുഭവത്തിന്റെയും, മരണത്തിന്റെയും, ഉയർപ്പിന്റെയും, തങ്ങൾക്കായി സ്വർഗത്തിൽ സ്ഥലമൊരുക്കാൻ പോയിരിക്കുന്നതിന്റെയും ഓർമ്മയാണ് തിരുഹൃദയത്തിരുന്നാൾ. ഹൃദയം പറിച്ചുനൽകിയ രക്ഷകനായ ഇശോയുടെ, മനുഷ്യവംശത്തോടുള്ള സ്നേഹത്തിലേക്കുള്ള യാത്രയാണീ തിരുനാൾ.


ഒട്ടുമിക്ക സംസ്ക്കാരങ്ങളിലും ഹൃദയത്തെ ജീവന്റെയും സ്നേഹത്തിന്റെയും ഖരരൂപമായാണ് കണക്കാക്കിയിരിക്കുന്നത്. സുമേറിയൻ സംസ്ക്കാരത്തിൽ ഹൃദയം ലോകത്തിന്റെ മിടിപ്പ് സൂക്ഷിക്കുന്ന ഒരു ഉറവിടം ആയി കണ്ടിരുന്നു.നന്നാർദേവന്റെ ഇരിപ്പിടമായും അവർ ഹൃദയത്തെ കണ്ടിരുന്നു. അസ്സീറിയൻ സംസ്ക്കാരമാണെങ്കിൽ സൃഷ്ടികർത്താവിന്റെ പാദപീഠം ആയി ഹൃദയത്തെ കണക്കാക്കിയിരുന്നത്രേ. ബാബാലോണിയൻ സംസ്ക്കാരത്തിൽ പരമോന്നതവും അമാനുഷികവുമായ ശക്തി ഹൃദയത്തിലൂടെയാണ് കടന്നു വരുന്നതെന്നു വിശ്വസിച്ചിരുന്നു. റോമൻ ചരിത്രത്തിൽ പ്രേമഭാവം (ദൈവികവും മാനുഷികവും) രൂപപ്പെടുന്നത് ഹൃദയത്തിൽ ആയിരുന്നു എന്നു കരുതിയിരുന്നു. ഇന്ത്യൻ സംസ്ക്കാരത്തിൽ പരാശക്തിയെ കുടിയിരുത്തി ഈശ്വരസാക്ഷാത്ക്കാരം പ്രാപിക്കുന്ന ഇടമായി ഹൃദയത്തെ കണ്ടിരുന്നു. ബൈസന്റൈൻ ആധ്യാത്മിക ചിന്തകളിൽ നിശ്ശബ്ദതയിലൂടെ ദൈവത്തെ കണ്ടെത്തുന്നത് ഹൃദയത്തിൽ വച്ചാണ് എന്ന് വിശ്വസിക്കുകയും ചിന്തയും പ്രവർത്തിയും അവിടെയാണ് ഒന്നിക്കുന്നതെന്നും വിശ്വസിച്ചിരുന്നു. ക്രൈസ്തവ ആദ്ധ്യാത്മിക ചിന്തകൾ എല്ലാം അവസാനിക്കുന്നത്, ഹൃദയത്തിലേക്ക് ദൈവവും മനുഷ്യനും പ്രവേശിച്ചു ഒന്നാകുമ്പോഴാണ്. ഹൃദയം അഥവാ ചിന്ത സ്വർഗത്തിലേയ്ക്ക് ഉയർത്തി പരമകാരുണികനായ ദൈവത്തോട് നമ്മുക്ക് പ്രാർത്ഥിക്കാം എന്ന് നമ്മുടെ ആരാധനകളിൽ ഉപയോഗിക്കുന്നതിന്റെ അർത്ഥം ഹൃദയത്തിന്റെ പ്രാധാന്യത്തിലേക്കു നമ്മെ കൊണ്ടുപോകുന്നു.

വിശുദ്ധ ഗ്രന്ഥത്തിൽ എറ്റവും അധികം പ്രതിപാദിക്കപ്പെടുന്ന ഒരു വിഷയമാണ് സ്നേഹം.

ക്രൈസ്തവദൈവശാസ്ത്രത്തിൽ ഹൃദയം എന്നു പറയുന്നത് സ്നേഹം തന്നെയാണ്. സർവ്വ നിയമങ്ങളും പ്രവാചകൻമാരും എറ്റവും സംക്ഷിപ്തമായി ഒരു വാക്കിൽ ഒതുക്കിയാൽ അതു സ്നേഹമല്ലാതെ മറ്റൊന്നുമല്ല. ദൈവത്തിന്റെ അനന്തവും അപരിമേയവുമായ സ്നേഹത്തെക്കുറിച്ചു ധാരാളം വിവരണങ്ങൾ പഴയനിയമത്തിൽ കാണുന്നുണ്ട്. ജറെമിയ പ്രവാചകന്റെ പുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. എനിക്കു നിന്നോടുള്ള സ്നേഹം അനന്തമാണ്, നിന്നോടുള്ള വിശ്വസ്തത അചഞ്ചലവും. (ജറെമിയാ 31:3) കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല, അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല (വിലാപങ്ങൾ 3:22) മനുഷ്യന്റെ സ്നേഹത്തെക്കാൾ വളരെയേറേ മികച്ചു നിൽക്കുന്നതാണു ദൈവസ്നേഹം എന്നതും പ്രവാചകൻമാർ യുക്തിപൂർവം വ്യക്തമാക്കുന്നു. മുലകുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാവുമോ? പുത്രനോടു പെറ്റമ്മ കരുണ കാണിക്കതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല (ഏശയ്യാ 49:15). ഇങ്ങനെ ദൈവസ്നേഹത്തിന്റെ ആഴവും വ്യാപ്തിയും വിവരിക്കുന്ന തിരുവചനഭാഗങ്ങൾ അനവധിയാണ്. മനുഷ്യബുദ്ധിക്കു മനസ്സിലാക്കാൻ പറ്റുന്ന ദൈവത്തിന്റെ ഏറ്റവും വലിയ ഗുണം അല്ലെങ്കിൽ സത്ത സ്നേഹമാണ്എന്നുവിശുദ്ധഗ്രന്ഥംസാക്ഷിക്കുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. കാരണം, ദൈവം സ്നേഹമാണ് (1 യോഹന്നാൻ 4:8). ദൈവസ്നേഹം മാത്രമല്ല മനുഷ്യൻ ആരെയൊക്കെ സ്നേഹിക്കണം എന്നതും വിശുദ്ധ ഗ്രന്ഥത്തിന്റെ പ്രതിപാദ്യമാണ്. മനുഷ്യൻ ഏറ്റവും അധികം സ്നേഹിക്കാൻ കടപ്പെട്ടിരിക്കുന്നത് ദൈവത്തെത്തന്നെയാണ്. പൂർണ്ണമനസ്സോടെ ദൈവത്തെ സ്നേഹിക്കുന്നതും തന്നെപ്പോലെ തന്റെ അയൽക്കാരനെ സ്നേഹിക്കുന്നതുമാണു സർവ്വ നിയമങ്ങളുടെയും പ്രവാചകൻമാരുടെയും ആകെത്തുകയെന്ന് ഈശോ പഠിപ്പിക്കുന്നു.

വിശുദ്ധ പൗലോസ് ശ്ലീഹാ ഫിലെമോന് എഴുതിയ ഒരു കത്തുണ്ട്, പുതിയനിയമത്തിൽ. ഹൃദയത്തിന്റെ ഭാഷായണവിടെ ഉപയോഗിച്ചിരിക്കുന്നത്. തിരുഹൃദയതിരുന്നാൾ ആഘോഷിക്കുന്ന അവസരത്തിലെങ്കിലും കുടുബത്തിൽ എല്ലാവരും ചേർന്ന് ഈ ഭാഗം വായിക്കുന്നത് ഈ തിരുന്നാളിന്റെ സത്തയെ നമ്മുക്ക് മനസ്സിലാക്കിത്തരും. ഫിലെമോന്റെ വീട്ടിൽനിന്നും ഒളിച്ചോടിയ അടിമയായിരുന്നു ഒനേസിമോസ്. ഒനേസിമോസ് അവസാനം എത്തിപ്പെട്ടതാകട്ടെ, പൗലോസിന്റെ അടുക്കലും. അവിടെവച്ചു അവൻ ഇശോയെ രക്ഷകനായി സ്വീകരിച്ചു. എന്നാൽ, ഉടമസ്ഥനായ ഫിലെമോന്റെ പക്കലേക്കു അവനെ തിരിച്ചയച്ചുകൊണ്ടു പൗലോസ് പറയുന്നതിങ്ങനെയാണ് അവനെ ഞാൻ നിന്റെ അടുത്തേക്ക് തിരിച്ചയക്കുന്നു. എന്റെ ഹൃദയം തന്നെയാണ് ഞാൻ അയക്കുന്നത്, ഇനി ദാസനായിട്ടല്ല, അതിലുപരി ലൗകികമായും കർത്താവിലും എനിക്കും അതിലേറേ നിനക്കും പ്രിയപ്പെട്ട സഹോദരനായി അവനെ ലഭിച്ചിരിക്കുന്നു (ഫിലെമോൻ 1:12,16). ചുരുക്കിപ്പറഞ്ഞാൽ, പൗലോസ് പറയുന്നത്, അടിമയായ ഒനേസിമോസിനെ നീ സ്വന്തം സഹോദരനെന്നതിനേക്കാൾ സ്വന്തം ഹൃദയമായി കാണണം; എന്നെ സ്നേഹിക്കുന്നതുപോലെ അവനെയും സ്നേഹിക്കണം എന്നാണ്. യോഹന്നാന്റെ സുവിശേഷത്തിൽ ഇശോ തന്റെ പിതാവിനോട് പ്രാർത്ഥിക്കുന്നതും എന്നെ ഏല്പ്പിച്ചിരിക്കുന്നവരെ അവിടുന്ന് ഉപേക്ഷിക്കരുതേ.... എന്റെ ഹൃദയം തന്നെയാണവർ എന്നാണ്..

തിരുഹൃദയത്തിരുന്നാൾ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും തിരുനാളാണ്. ഈശോ സ്നേഹിച്ചതുപോലെയും സ്നേഹിക്കാനുള്ള ഒരവസരമാണ് തിരുഹൃദയത്തിരുന്നാൾ. കുടുബത്തിലെ അംഗങ്ങൾ പരസ്പരം ഹൃദയങ്ങളാകുന്ന അവസരമാണ് ഈ തിരുന്നാൾ. ഹൃദയത്തിന്റെ ഭാഷയാണ് സ്നേഹം. തീവ്രമായ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ഒഴുക്കാണ് ഈ തിരുന്നാളിൽ നടക്കേണ്ടത്. സർവ്വവും സ്നേഹത്താൽ വലയം ചെയ്യപ്പെടുമ്പോഴേ മിശിഹായുടെ രക്ഷാകരപ്രവർത്തിക്ക് അർത്ഥമുണ്ടാകൂ. ഈ ഓർമ്മപ്പെടുത്തലാണ് ഈ തിരുനാളിന്റെ കാതൽ.



ഫാദർ. പീറ്റർ കൊച്ചാലുങ്കൽ സി.എം.ഐ

# Diocese News



## പുതിയ പ്രോട്ടോസിഞ്ചെലൂസ്

ബഹുമാനപ്പെട്ട ജയിംസ് കുന്നാംപടവിൽ CMF, അച്ചനെ രൂപതയുടെ പുതിയ പ്രോട്ടോസിഞ്ചെലൂസ് ആയി അഭിവന്ദ്യ പിതാവ് നിയമിച്ചു. മെയ് 17–ന് ബിഷപ്പ്സ് ഹൗസിൽ വെച്ച് നടന്ന ചടങ്ങിൽ അദ്ദേഹം ചുമതലയേറ്റെടുത്തു.

## പാസ്റ്ററൽ കൗൺസിൽ പ്രീസ്റ്റ്സ് കോൺഫറൻസ് സംയുക്തയോഗം

അജപാലന വൈദിക സമിതികളുടെ സംയുക്തയോഗം ജൂൺ 10–ന് ക്രൈസ്റ്റ് ICSE സ്കൂളിൽ വച്ച് നടന്നു.

## ഗുരുവന്ദനം

പതിനെട്ടു വർഷത്തെ സേവനത്തിനുശേഷം കൊച്ചി പ്രോവിൻസിന്റെ വികർ പ്രോവിൻഷ്യാളായി തിരഞ്ഞെടുക്കപ്പെട്ടതിനെത്തുടർന്ന് സ്ഥലം മാറിപ്പോവുന്ന മാത്യു കോയിക്കരയച്ചനെ ആദരിക്കുന്നതിന് വേണ്ടി ഗുരുവന്ദനം എന്ന പ്രോഗ്രാം ജൂൺ 10–ന് ക്രൈസ്റ്റ് ICSE സ്കൂളിൽ വച്ച് നടന്നു.

## രൂപതാ വൈദികരുടെ യോഗം

മണ്ഡ്യ രൂപതയിൽ ഇൻകാർഡിനേറ്റ് ചെയ്തിട്ടുള്ള വൈദികരുടെ യോഗം ജൂൺ 20–ന് ബിഷപ്പ്സ് ഹൗസിൽ വെച്ച് നടന്നു.

## ആലോചനാ സമിതി–സാമ്പത്തിക സമിതി യോഗങ്ങൾ

രൂപതാ ആലോചനാസമിതിയുടേയും സാമ്പത്തിക സമിതിയുടേയും യോഗങ്ങൾ ജൂൺ 22–ന് ഹുളിമാവ് സന്തോം പള്ളിയിൽ വച്ച് ചേർന്നു.

# സെന്റ് ക്രിസ്റ്റോഫർ അസോസിയേഷൻ

സെന്റ് ക്രിസ്റ്റോഫർ അസോസിയേഷന്റെ ഭാരവാഹികളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു



**President**
Mr. Johnson Achandy
94493 78899



**Vice. President**
Prakash Thomas
98804 69385



**Secretary**
Lorance VK
73488 15898



**Treasurer**
Mr. MARTIN PC
92421 79283



**Joint. Secretary**
Mr. JINU KP
98457 54573



**Jnt. Treasurer**
JAISON AJ
92428 24688

**പ്രസിഡന്റായി** മിസ്റ്റർ ജോൺസൺ എ.ഡി, **വൈസ് പ്രസിഡന്റായി** മിസ്റ്റർ പ്രകാശ് തോമസ്, **സെക്രട്ടറിയായി** ലോറൻസ് വി.കെ, **ട്രഷർറായി** മിസ്റ്റർ മാർട്ടിൻപി.സി, **ജോയിന്റ് സെക്രട്ടറിയായി** ജിനു കെ. പി, **ജോയിന്റ് ട്രഷർറായി** മിസ്റ്റർ ജയ്സൺ എ. ജെ.

കരുതലിന്റെ വർഷത്തിന്റെ ഭാഗമായി സെന്റ് ക്രിസ്റ്റോഫർ അസോസിയേഷന്റെ നേതൃത്വത്തിൽ 11 – 06 – 2023 – ന് ഇടവകയിലെ വാർഡുകളിൽ നിന്നും പുതിയതും പഴയതുമായ വസ്ത്രങ്ങൾ ശേഖരിക്കുകയും അതു ഹോസൂറിലുള്ള അനാഥമന്ദിരത്തിനു കൈമാറുകയും ചെയ്തു.



## ക്രിസ്റ്റോഫർ അസോസിയേഷൻ

നമ്മുടെ ഇടവകയിലെ സെന്റ് ക്രിസ്റ്റോഫർ അസോസിയേഷൻ 4–6–2023 ഞായറാഴ്ച കാർമലാരമി നടുത്തുള്ള 'ആശാഭവനാ' എന്ന വൃദ്ധസദനം സന്ദർശിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു.



# ഇടവക വാർത്തകൾ

മാതൃദിനത്തോടനുബന്ധിച്ച് സെന്റ് തോമസ് യൂത്ത് സെൽഫി വിത്ത് അമ്മമത്സരം സംഘടിപ്പിച്ചിരുന്നു. നൂറുകണക്കിനു ഇടവാകംഗങ്ങൾ പങ്കെടുത്തു. ഇതോടപ്പം തന്നെ സെന്റ് തോമസ് യൂത്ത് ഒരു ഗ്രീറ്റിംഗ് കാർഡ്  മത്സരവും സംഘടിപ്പിച്ചിരുന്നു. മത്സരത്തിൽ പല സെക്ഷനുകളിലായി, നിരവധി കുട്ടികൾ പങ്കെടുക്കുകയും സമ്മാനർഹർരാവുകയും ചെയ്തു.






മാതൃദിനത്തോടനുബന്ധിച്ച് പിതൃവേദി, മാതൃവേദി അംഗങ്ങൾക്കുവേണ്ടി ഫലവൃക്ഷതൈ നടുന്ന പരിപാടി സംഘടിപ്പിച്ചു. മാതൃവേദി അംഗങ്ങൾ എല്ലാം ചേർന്ന് ഫലവൃക്ഷതൈ സെന്റ് തോമസ് ഫോറോന പള്ളി മുറ്റത്ത് നട്ടു. പിതൃവേദി മണ്ഡ്യ രൂപതാ സെമിനാരി വിദ്യാർത്ഥികളെ സാമ്പത്തികമായി സഹായിക്കുന്നതിന് വേണ്ടി നടത്തിയ ധനസമാഹരണത്തിൽ 75,000 രൂപ പിരിഞ്ഞുകിട്ടി. ഈ തുക രൂപതയ്ക്ക് കൈമാറി.





കുട്ടിക്കൾക്കുവേണ്ടിയുള്ള സമ്മർ മലയാളം ക്ലാസ്സുകൾ മെയ് 1 മുതൽ 26 വരെയുള്ള ദിവസങ്ങളിൽ സംഘടിപ്പിക്കപ്പെട്ടു. മാതൃഭാഷയുമായുള്ള ബന്ധം വളർത്തുവാൻ ഈ ക്ലാസ്സുകൾ വളരെയധികം പ്രയോജനപ്പെടുമെന്ന് മാതാപിതാക്കളും കുട്ടികളും ഒരുപോലെ അഭിപ്രായപ്പെട്ടു.





സെന്റ് വിൻസന്റ ഡി പോൾ സംഘടന മാതൃദിനത്തോടനുബന്ധിച്ച് കൃപാലയ സന്ദർശിക്കുകയും അവിടെയുള്ള  അമ്മമാരെ ആശംസിക്കുകയും അവിടെയുള്ള  അമ്മമാർക്ക് പൂ കൊടുക്കുകയും ചെയ്തു. എല്ലാ സെന്റ് വിൻസന്റ ഡി പോൾ അംഗങ്ങളും അതിൽ പങ്കുചേർന്നു.





സെന്റ് തോമസ് ഫോറോന ഇടവകയിൽ 6 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം തിരുവനന്തപുരത്തേക്ക് സ്ഥലം മാറിപോകുന്ന ബഹുമാനപ്പെട്ട സിറിയക് മഠത്തിൽ സി എം ഐ അച്ചന് ഇടവാകാംഗങ്ങൾ, പാരിഷ് കമ്മിറ്റി അംഗങ്ങൾ, വിവിധ മത സംഘടനകൾ, ഓഫീസ് സ്റ്റാഫ് എന്നിവർ ചേർന്ന് വികാരനിർഭരമായ യാത്രയയപ്പു നല്കി. പുതിയ വികാരിയായി ചാർജെടുക്കുന്ന ബഹു. ആന്റോ കാഞ്ഞിരത്തിങ്കൽ അച്ചന്റെ വരവേൽപ്പും തദ്‌വസരത്തിൽ നടന്നു.







സെന്റ് തോമസ് യൂത്ത് വിങ്ങായ തണൽ അംഗങ്ങൾ പഴയ പത്രമാസികകൾ, പുസ്തകങ്ങൾ, ഉപയോഗശൂന്യമായ മറ്റു വസ്തുകൾ എന്നിവ ശേഖരിച്ചു റീസൈക്കിൾ ചെയ്യാൻ ഏല്പിച്ചു കൊടുക്കുന്നു. പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ച് വാചാലമായി സംസാരിക്കുകയും എന്നാൽ സ്വജീവിതത്തിൽ തരിമ്പും മാറ്റങ്ങൾ വരുത്തുവാൻ തയ്യാറല്ലാത്ത യുവതലമുറയക്ക് സെന്റ് തോമസ് യൂത്ത് ഒരു മാതൃകയാണെന്നതിൽ സംശയമില്ല. ഈ തുക മറ്റു സാമൂഹിക പ്രവർത്തനങ്ങൾക്കായ് അവർ വിനിയോഗിക്കുന്നു.

മാതാവിന്റെ വണക്കമാസസമാപനത്തോടനുബന്ധിച്ച് മെയ് 22 മുതൽ 31–ാം തീയതി വരെ 10 ദിവസം വൈകുന്നേരം 5.30ന് നോവേനയും അതിനുശേഷം ദിവ്യബലിയും ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട സിസ്റ്റേഴ്സും വാർഡംഗങ്ങളും ജപമാല നയിച്ചു. ഇടവകാംഗങ്ങൾ സജീവമായി ഇവയിലെല്ലാം തന്നെ പങ്കെടുത്തു. മെയ് 31ാം തീയതി, ആഘോഷമായ ജപമാല, ദിവ്യബലി, നേർച്ചവിതരണം എന്നിവയോടുകൂടി മാതാവിന്റെ വണക്കമാസം സമാപിച്ചു.

പെന്താക്കുസ്താ തിരുനാളിനോടനുബന്ധിച്ച് വിദ്യാരംഭത്തിനുള്ള പ്രത്യേക പ്രാർത്ഥനകളും, ആരാധനയും, കുഞ്ഞുങ്ങളെ എഴുത്തിനിരുത്തുന്ന ശുശ്രൂഷയും പുതിയ അദ്ധ്യയന വർഷത്തിലേക്ക് പ്രവേശിക്കുന്ന കുട്ടികൾക്കായുള്ള പ്രത്യേക പ്രാർത്ഥനാശുശ്രൂഷയും 28–ാം തീയതി ഞായറാഴ്ച 9 മണിയുടെ വി. കുർബാനയ്ക്കു ശേഷം നടന്നു. പുതിയ അദ്ധ്യയന വർഷത്തിലേക്ക് പ്രവേശിക്കുന്ന കുട്ടികളെല്ലാം തന്നെ ഇതിൽ സംബന്ധിച്ചു.

## PHOTOS OF DIFFERENT EVENTS





## VIDHYARAMBHAM







## YEAR OF CARE ACTIVITIES



# YOUTH CORNER

Ootunercha celebrating the feast of St. Joseph, St. Thomas Youth helped in all which includes cleaning, cutting, serving the food etc.

The youth had led a 1 hour of amazing Adoration for everyone present during the 40 hours of Adoration during this Ruby Jubilee Year.








St. Thomas youth members performed for the theme song of Year of Care during the Diocese Level Inauguration at Christ ICSE School.





St. Thomas Youth was the backbone on all the days in the Holy Week and enacted a tableau on Good Friday. The Easter eggs decorated with social messages were appreciated by everyone.







BBQ night took place on Easter Eve with some fun and good food to celebrate the message of hope and life of Jesus.




Kairos 2023 was held by St. Vincent Pallotti Church, Banaswadi and our Basketball and Mixed Relay teams were awarded the Runners Up Medals. Amigos 2023 was held on 23rd April for some fun gathering and game time. General Body meetings are now outdoors with lots of interesting events. Voter Awareness – Being a responsible citizen of India it is our right to vote and the awareness for the same was taken up by the youth by holding placards after every Holy Qurbana on 7th May 2023 to use your vote rights.

Mother's Day was celebrated in a loving and soothing way on 14th of May 2023. After 9am Holy Mass we gifted each mother with a rose.

A notice board full of Selfies with mothers was put up and a greeting card competition was held. A photo booth was also made to capture some good memories, all the efforts of STY members.

St. Thomas Youth also took part in the farewell gathering to Fr. Cyriac Madathil and presented him with a memorable gift and a special greeting song.





Dear Parishioners, Our Parish's Group Medical Insurance Policy - 67020134220400000017 is Expiring on 11-08-2023

# STARTT

The inauguration ceremony at STARTT - St. Thomas Academy for Research, Training, and Transformation, marked the beginning of a new academic year 2023-24. The event was graced by the presence of Assistant Vicar Rev. Fr. Lijo Kattattu CMI inaugurated the ceremony by lighting the lamp, accompanied by the Nodal Officer Mr. Martin Thomas , senior mentors Ms. Gudiya Joseph and Mr. Austin Scaria , as well as student representatives.



STARTT INUAGRUATION

Forane vicar, Rev. Fr. Anto Kanjirathinkal CMI in his short but impactful message emphasized the importance of education and the transformative power it holds. He encouraged the students to embrace the opportunities and challenges that lie ahead, highlighting the academy's commitment to their growth and development. Furthermore, Fr. Vicar expressed his gratitude for the team's tireless efforts in providing a holistic educational experience that encompasses both academic excellence and spiritual growth.



STARTTITES

The mentor orientation held on 3rd of June at St. Thomas Forane Church led by Dr. Sebastian P G, academic coordinator, Christ Academy . The mentor orientation served as a testament to STARTT's commitment to fostering a supportive and enriching environment, where they can excel in their roles as mentors and contribute to the academy's mission of research, training, and transformation.



STARTT LOGICAL REASONING WINNERS

STARTT, serves several key functions to fulfill its mission of providing a transformative learning experience,it offers a diverse range of engaging activities that foster personal

growth and development in students. These activities, designed to enhance various skills, include:

**Public Speaking** : In the public speaking sessions students are provided with a platform to express their thoughts and ideas confidently.

**Creative writing** : Creative writing workshops encourage students to unleash their imagination and hone their writing skills.
Current Affairs Challenge: The current affairs quiz is an exciting activity that tests students' knowledge of global events and developments.

**Group Dynamics** : Group dynamics sessions focus on fostering teamwork, effective communication, and problem-solving skills.

**Word Power** : The "Word Power" program enhances students' vocabulary by introducing them to new words, idioms, and phrases.

The Logical Reasoning activity at STARTT not only nurtures students' intellectual growth but also fosters a mindset of curiosity, precision, and rational thinking. By honing their logical reasoning skills, students develop a strong foundation for academic success and gain a competitive edge in their future endeavors.

The Power Speaker sessions at STARTT serve as an inspiration for students, offering them the opportunity to learn from accomplished individuals who have achieved remarkable success in their respective fields.

The Mentor-Mentee Connect session is a special program that fosters meaningful relationships between mentors and mentees. It is a valuable component of the academy's commitment to holistic development and individualized mentorship.

These activities at STARTT are carefully designed to provide students with a well-rounded education, nurturing their communication skills, critical thinking abilities, global awareness, creativity, and teamwork. By participating in these fabricated activities, students develop a strong foundation for success in both their academic and personal lives, equipping them with essential skills for the challenges of the future.



# മാതൃവേദി

ACTIVITIES AND PHOTOS



മാതൃവേദി അംഗങ്ങളുടെ വൺഡേ ട്രിപ്പ്



മാതൃവേദി അംഗങ്ങൾ കൃപാലയ അന്തേവാസികളോടൊപ്പം മാതൃദിനം ആഘോഷിക്കുന്നു.



മാതൃവേദി അംഗങ്ങൾ സിറിയക് മഠത്തിൽ
അച്ചന്റെ യാത്രയയപ്പു ചടങ്ങിൽ.



മാതൃവേദി അംഗങ്ങൾ പരിസ്ഥിതിദിനത്തിൽ
പരിസ്ഥിതിയെപ്പറ്റി ബോധവത്ക്കരണം നടത്താൻ
ലഘുനാടകം സംഘടിപ്പിച്ചു.

## 25th Death Anniversary

**D.O.D: 1st June 1998**



Davis A. J.

*Sorrowful Family*

## 3rd Death Anniversary

In Ever Loving memory of Rosalin Joseph who left for her heavenly abode on 2nd June 2020



A loving wife, mother and grand mother who taught us to Love and Care unconditionally

*Sorrowful Family*

## 3rd Death Anniversary

**15th July 2020**

**"ഞാൻ നിങ്ങളിൽനിന്ന് അകന്നുപോയെങ്കിലും എന്റെ സ്നേഹം എന്നും നിങ്ങളോട്കൂടെ ഉണ്ടായിരിക്കും. സ്വർഗ്ഗരാജ്യത്തിൽ നാം, ഒരുമിക്കുന്നതു വരെ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണമെ."**



ANTONY KANJIRAVELLYL

*With prayers,*

*Sorrowful Family*

## SANTHOME BOOK STALL NEW ARRIVAL




## ADVERTISEMENT IN SANTHOME MESSENGER

അടുത്ത സാന്തോം മെസഞ്ചറിൽ പരസ്യങ്ങൾ നൽകാൻ താത്പര്യം ഉള്ളവരും; ജന്മദിനം, വിവാഹം, വിവാഹ വാർഷികം, ചരമ വാർഷികം തുടങ്ങിയവയുടെ ഫോട്ടോ ഉൾപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവരും ജൂലൈ 30നകം ഇടവക ഓഫീസിൽ ഏൽപ്പിക്കുക.

Parishioners have the opportunity to include Photos of Birthdays, Marriage, Wedding Anniversary, Death Remembrance, Advertisements etc. for the next Santhome Messenger. Submit the matters in the office before 30th of July




*Best Compliments From Friends and Relatives*



JC JAISON CATERERS
(The Taste of Bangalore)



Jaison Vezhapparambil
Cell: 92431 03753
98800 27529



No. 8, Brindavan Nagar, Ramaiah Gardens, DRC Post
Bangalore - 560 029
Email: jaisoncaterers@gmail.com

SCALAR INTERIORS
ONE STOP INTERIOR SOLUTIONS

*Carpentry , False ceiling , Flooring , Cladding*
*Wallpaper , Painting , Electrical , Plumbing services*

CHARLY MATHEW
+91 9880033291
+91 9448608162

#27, 2nd cross,Ramappa Layout
Tavarekare, Bangalore 29

INTERIORS I RENOVATION I CONSTRUCTION I PROPERTY MANAGEMENT

www.scalarinteriors.com
scalarinteriors@gmail.com
@scalar_interiors
Scalar Interiors


Alice
GOLD DIAMONDS PLATINUM
Buy a Beautiful Future!
#50 Dispensary Road
#218/1 Kammanahalli
#15/1 Dickenson Road
+919036724663
Instagram
CHETTUPUZHA GROUP SINCE 1914
FOUNDER JOSEPH PAUL